പത്രക്കുറിപ്പ്
10-01-2018

## ഏവരേയും ഉൾക്കൊള്ളാൻ കുടുംബശ്രീ;
## വയോജന, ട്രാൻസ്ജെൻഡർ പ്രത്യേക അയൽക്കൂട്ടങ്ങൾ, 47865 അംഗങ്ങൾ

തിരുവനന്തപുരം: സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ ശ്രദ്ധേയമാകുന്നു. സാമ്പത്തികമായ പിന്നാക്കാവസ്ഥ കൂടാതെ മറ്റ് ചില ഇല്ലായ്മകൾ കൂടിയാണ് ദാരിദ്ര്യം എന്ന കുടുംബശ്രീയുടെ കാഴ്ചപ്പാട് അടിസ്ഥാനമാക്കിയാണ് ഇത്തരത്തിലുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് . സ്ത്രീ- പുരുഷ വിവേചനം, അർഹമായ അവകാശങ്ങൾ ലഭിക്കാതെ വരൽ, ഗുരുതര രോഗങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് വേണ്ടി മാത്രം കുടുംബശ്രീ രൂപീകരിച്ചുവരുന്ന അയൽക്കൂട്ടങ്ങളാണ് ഈ പ്രത്യേക അയൽക്കൂട്ടങ്ങൾ. ഇതുവരെ ഇത്തരത്തിൽ 3749 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു കഴിഞ്ഞു. ആകെ 47865 പേർ ഈ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായുണ്ട്.

ശാരീരിക, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെയും ട്രാൻസ്ജെൻഡേഴ്സ്, വയോജനങ്ങൾ എന്നിവരെയും ഉൾക്കൊള്ളിക്കുന്നതാണ് പ്രത്യേക അയൽക്കൂട്ടങ്ങൾ. ശാരീരിക- മാനസിക- ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടത്തിൽ (പിഡബ്ല്യുഡി- പേഴ്സൺസ് വിത്ത് ഡിസെബിളിറ്റി- ഭിന്നശേഷിക്കാർ) കേരളത്തിലെ മുഴുവൻ ഭിന്നശേഷിക്കാരെയും അംഗങ്ങളാക്കുകയാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. അവരുടെ സാമൂഹ്യ സുരക്ഷ, ആരോഗ്യ സംരക്ഷണം, പുനരധിവാസം, ഉപജീവനം എന്നിവയും ഉറപ്പാക്കും. 18 വയസ് പൂർത്തിയായവർക്കാണ് ഈ അയൽക്കൂട്ടങ്ങളിൽ അംഗത്വം നൽകുക. കേരളത്തിലാകെ ഇത്തരത്തിലുള്ള 1102 അയൽക്കൂട്ടങ്ങളിലായി 13192 ഭിന്നശേഷിക്കാർ അംഗങ്ങളാണ്.

സർക്കാരിന്റെ വയോജന നയരേഖ പ്രകാരം 60 വയസ്സ് പിന്നിട്ടവരെയാണ് വയോജനങ്ങളായി കണക്കാക്കുന്നത്. വയോജനങ്ങൾക്കായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായും ഫലപ്രദമായും അവരിലേക്ക് എത്തിക്കുക, സാമ്പത്തികവും ആരോഗ്യപരവും സാമൂ ഹികവും വൈകാരികവുമായ തലത്തിൽ അവരെ ശാക്തീകരിക്കുന്നതിനും ഫലപ്രദവും തൃപ്തികരവുമായ ജീവിതം നയിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതും ലക്ഷ്യമിട്ടാണ് കുടുംബശ്രീ വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നത്. 60 വയസ്സ് പിന്നിട്ട പുരുഷന്മാർക്കും ഈ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകാൻ കഴിയും. 2628 വയോജന അയൽക്കൂട്ടങ്ങളിലായി 34424 പേർ അംഗങ്ങളാണ്.

പ്രത്യേക അയൽക്കൂട്ടങ്ങളിൽ കുടുംബശ്രീ ഏറ്റവും പുതുതായി രൂപം കൊടുത്ത് പ്രാവർത്തികമാക്കിയ ആശയമാണ് ട്രാൻസ്ജെൻഡർ അയൽക്കൂട്ടം. ഇന്ന് സമൂഹത്തിൽ ഏറെ വിവേചനം നേരിടുന്ന ഈ ലൈംഗിക ന്യൂനപക്ഷ വിഭാഗക്കാർക്ക് ഇന്ത്യൻ പൗരൻ എന്ന നിലയിൽ ലഭിക്കേണ്ട പരിഗണനയും അവകാശവും ഉറപ്പാക്കുകയും മറ്റ് ജനവിഭാഗങ്ങളെ പോലെ ജീവിക്കാനുള്ള അവസരമൊരുക്കുകയുമാണ് ഈ പ്രത്യേക അയൽക്കൂട്ടങ്ങളിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. 18 വയസ്സ് പൂർത്തിയായവർക്കാണ് ഈ അയൽക്കൂട്ടങ്ങളിൽ അംഗത്വം ലഭിക്കുക. 19 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളിൽ 249 അംഗങ്ങൾ ഇപ്പോഴുണ്ട്.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ കോർപ്പസ് ഫണ്ട് അടക്കമുള്ള സഹായങ്ങളും കുടുംബശ്രീ നൽകും. ഈ സാമ്പത്തിക വർഷം നടത്തിയ ക്യാമ്പെയ്ൻ വഴിയാണ് പ്രത്യേക അയൽക്കൂട്ടങ്ങളിൽ 90 ശതമാനവും രൂപീകരിച്ചത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ